# ഭരണഭാഷ - മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - വകുപ്പ് കാര്യാലയം - സർക്കാർ പോളിടെക്നിക് കോളേജ് - ഇലക്ട്രോണിക്സ് വിഭാഗം ലക്ചറർ - ശ്രീ. സജു ജി നമ്പൂതിരി സമർപ്പിച്ച രാജി അപേക്ഷയിന്മേൽ രാജി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (സി) വിഭാഗം

നം: EC5/21929/20/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 15.12.2023

---

വായന:- 1. 28-01-2005 ലെ സർക്കാർ ഉത്തരവ് GO(Rt)No.151/2005/HEdn
2. 01-01-2011 ലെ സർക്കാർ ഉത്തരവ് GO(Rt)No. 09/2011/HEdn
3. 23-09-2016 ലെ സർക്കാർ ഉത്തരവ് GO(Rt)No.2529/2016/HEdn
4. 25-09-2020 ലെ കുന്നംകുളം, സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിന്റെ C/888/20 നമ്പർ കത്ത്.
5. 05-10-2020 ലെ ഇലക്ട്രോണിക്സ് വിഭാഗം ലക്ചറർ, ശ്രീ. സജു ജി നമ്പൂതിരിയുടെ അപേക്ഷ.
6. 06-10-2020 ലെ കുന്നംകുളം, സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിന്റെ C/888/20 നമ്പർ കത്ത്.
7. 22-10-2020 ലെ ഇതേ ഓഫീസിലെ ഇതേ നമ്പർ നടപടിക്രമം.
8. 27-10-2020 ലെ ഇലക്ട്രോണിക്സ് വിഭാഗം ലക്ചറർ, ശ്രീ. സജു ജി നമ്പൂതിരിയുടെ അപേക്ഷ.
9. 23-12-2020 ലെ ഇതേ ഓഫീസിലെ ഇതേ നമ്പർ നോട്ടീസ്.
10. 01-01-2021 ലെ ഇലക്ട്രോണിക്സ് വിഭാഗം ലക്ചറർ, ശ്രീ. സജു ജി നമ്പൂതിരിയുടെ അപേക്ഷ.
11. 03-02-2021 ലെ കുന്നംകുളം, സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിന്റെ C/888/20/ജിപിസി- കെഎൻഎൽഎം നമ്പർ കത്ത്.
12. 20-07-2021 ലെ ചിറ്റൂർ, സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടിന്റെ എ2/536/21 നമ്പർ കത്ത്.
13. 23-03-2021 ലെ അക്കൗണ്ടന്റ് ജനറൽ ഓഫീസിലെ GE-14/E/S-317/1057 നമ്പർ കത്ത്.
14. 04-10-2023 ലെ എൽ3/98/2023/ഉ.വി.വ നമ്പർ സർക്കാർ കത്ത്.
15. 21-10-2023 ലെ കുന്നംകുളം, സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിന്റെ F/4733/23/ജിപിസി- കെഎൻഎൽഎം നമ്പർ കത്ത്.

**ഉത്തരവ്**

ഈ വകുപ്പിനു കീഴിലെ സർക്കാർ പോളിടെക്നിക് കോളേജുകളിലെ ഇലക്ട്രോണിക്സ് വിഭാഗം ലക്ചറർ തസ്തികയിലെ ശ്രീ. സജു ജി നമ്പൂതിരി, വിദേശത്ത് മെച്ചപ്പെട്ട ജോലി സ്വീകരിക്കുന്നതിനായി പരാമർശം (1),(2),(3) പ്രകാരം 02-06-2005 മുതൽ 01-06-2020 വരെ കെ.എസ്.ആർ ഭാഗം I അനുബന്ധം XII A പ്രകാരം 3 തവണകളായി 15 വർഷം ശൂന്യവേതനാവധിയിലായിരുന്നു. 02-06-2020 മുതൽ ശൂന്യവേതനാവധിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള ടിയാന്റെ അവധി അപേക്ഷ പരാമർശം ( 4) മുഖേന ഈ ഓഫീസിൽ ലഭിക്കുകയുണ്ടായി.

അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ റദ്ദ് ചെയ്യുന്നതിനും ജോലിയിൽ പുന: പ്രവേശിക്കുന്നതിനുമായുള്ള അപേക്ഷ പരാമർശം (5) ൽ ടിയാൻ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ, സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ ഇലക്ട്രോണിക്സ് വിഭാഗം ലക്ചറർ പുനർ നിയമനം നല്കികൊണ്ടും ഈ ഉത്തരവ് കൈപ്പറ്റി ഒരാഴ്ചയ്ക്കകം ജോലിയിൽ പുന:പ്രവേശിക്കുന്നതിന് നിർദ്ദേശം നല്കികൊണ്ട് പരാമർശം (7) പ്രകാരം ഉത്തരവാകുകയുമുണ്ടായിട്ടുണ്ട് . എന്നാൽ ടിയാൻ ജോലിയിൽ പുന:പ്രവേശിക്കാതെ പരാമർശം (8) പ്രകാരം എറണാകുളം ജില്ലയിലെ സ്ഥാപനത്തിലോ, ചേർത്തല സർക്കാർ പോളിടെക്നിക് കോളേജിലോ, അല്ലെങ്കിൽ കടുത്തുരുത്തി സർക്കാർ പോളിടെക്നിക് കോളേജിലേക്കൊ മാറ്റി നിയമനം നൽകുന്നതു പരിഗണിക്കണമെന്നു അപേക്ഷിക്കുകയാണുണ്ടായത് .

തൃശ്ശൂർ, സർക്കാർ വനിതാ പോളിടെക്നിക് കോളേജിൽ അദ്ധ്യാപകരുടെ അഭാവം ഉള്ളതിനാലും എൻ.ബി.എ അക്രഡിറ്റേഷൻ നടപടികൾ പുരോഗമിക്കുന്നതിനാലും ടിയാൻ പുനർ നിയമനം ആവശ്യപ്പെട്ട സ്ഥാപനങ്ങളിൽ

Draft #23 of File EC5/21929/20/DTE Approved by Director (in-charge) on 15-Dec-2023 06:29 AM - Page 1

സീനിയർ ആയ ജീവനക്കാരുടെ അപേക്ഷകൾ നിലനിൽക്കുന്നതിനാലുംപ്രസ്തുത അപേക്ഷ പരിഗണനാർഹമല്ല എന്ന് പരാമർശം (9) പ്രകാരം അറിയിക്കുകയുമുണ്ടായി. കൂടാതെ, പരാമർശം (7)ലെ ഉത്തരവ് പ്രകാരം 10 ദിവസത്തിനകം ജോലിയ്ക്ക് ടിയാൻ ഹാജരായില്ല എങ്കിൽ അനധികൃത ഹാജരില്ലായ്മ സംബന്ധിച്ച് 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടികൾ ആരംഭിക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി .

ശ്രീ. സജു ജി നമ്പൂതിരി പരാമർശം (10) പ്രകാരം സമർപ്പിച്ച രാജി അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാർശം 13 പ്രകാരം എ.ജി യിൽ നിന്നും സേവന വിവരങ്ങൾ ലഭ്യമാക്കുകയുണ്ടായി. ടിയാന് സർക്കാരിലേയ്ക്ക് ബാധ്യതകൾ ഇല്ല എന്ന വിവരം പരാമർശം (11), (12), (15) പ്രകാരം ലഭിച്ചിട്ടുണ്ട്. ടി രാജി സ്വീകരിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്ന് പരാമർശം ( 14) പ്രകാരം ലഭിച്ച നിർദ്ദേശങ്ങളുടെയും മേൽ വസ്തുതകളുടെയും അടിസ്ഥാനത്തിൽ **ശ്രീ. സജു ജി നമ്പൂതിരി സമർപ്പിച്ച രാജിക്കത്ത് സ്വീകരിച്ചു കൊണ്ട് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ സമ്മതം കൂടാതെ ടിയാന് സർക്കാർ വകുപ്പുകളിൽ മറ്റ് ജോലികൾ അനുവദിക്കാൻ പാടില്ല എന്നും ടി വകുപ്പ്/സർക്കാരിന് കീഴിലുള്ള സേവനകാലം യാതൊരു ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല എന്നുമുള്ള നിബന്ധനയോടും കൂടി കെ. എസ്. & എസ്. എസ്. ആർ ചട്ടം 33 പ്രകാരം 01-01-2021 പ്രാബല്യത്തിൽ ടിയാന്റെ രാജി അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.**

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

ശ്രീ. സജു ജി നമ്പൂതിരി
A 7, പൂജ നിവേദ്യം, വട്ടുതല
എറണാകുളം 682023 (രജിസ്റ്റേർഡ് തപാൽ)
ഇ മെയിൽ - sajunam@gmail.com
www.dtekerala.gov.in

പകർപ്പ്

1. അക്കൌണ്ടൻറ് ജനറൽ (എ & ഇ) കേരള, കോട്ടയം ബ്രാഞ്ച്
2. പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക് കോളേജ്, കുന്നംകുളം

Approval Valid

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 15.12.2023
Reason: Approved

Draft #23 of File EC5/21929/20/DTE Approved by Director (in-charge) on 15-Dec-2023 06:29 AM - Page 2

The document is digitally approved. Hence signature is not needed.